www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper



# മയക്കുമരുന്നിനെതിരെ മനുഷ്യച്ചങ്ങല തീർത്ത് അമൃത

**കൊച്ചി:** അന്താരാഷ്ട്ര മയക്കുമരുന്ന് ഉപയോഗ വിരുദ്ധ ദിനം ആചരിച്ച് അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാമ്പസ്. അമൃത കോളേജ് ഓഫ് നഴ്സിംഗിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മനുഷ്യച്ചങ്ങലയിൽ അമൃത സ്കൂൾ ഓഫ് ഫാർമസി, അമൃത സെന്റർ ഫോർ അലൈഡ് ഹെൽത്ത് സയൻസ്, അമൃത സ്കൂൾ ഓഫ് ഡെന്റിസ്ട്രി, അമൃത സ്കൂൾ ഓഫ് മെഡിസിൻ, എന്നിവിടങ്ങളിലെ അധ്യാപകരും വിദ്യാർത്ഥികളും അമൃത നഴ്സിംഗ് സർവീസിലെ അംഗങ്ങളും കണ്ണികളായി. കൊച്ചി ക്യാമ്പസിൽ നടന്ന മയക്കുമരുന്ന് ഉപയോഗ വിരുദ്ധ ദിനാചരണം എറണാകുളം അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർ ടി എൻ സുധീർ ഉദ്ഘാടനം ചെയ്തു. മയക്കുമരുന്ന് പ്രതിരോധത്തിൽ വൈദ്യശാസ്ത്ര രംഗത്തിനും ഏറെ സംഭാവന നൽകാൻ സാധിക്കുമെന്ന് അദ്ദേഹം ഓർമിപ്പിച്ചു. ലഹരിക്ക് അടിമപ്പെട്ട കുട്ടികളെ രക്ഷപ്പെടുത്താൻ ഡീ അഡിക്ഷൻ സെന്ററുകൾ ഉൾപ്പടെയുള്ള നടപടികളാണ് ഇനി ആവശ്യമെന്നും ടി എൻ സുധീർ ചൂണ്ടിക്കാട്ടി.

മയക്കുമരുന്ന് വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി അദ്ദേഹം വിദ്യാർത്ഥികൾക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അമൃത കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ ഡോ കെ ടി മോളി, അമൃത സ്കൂൾ ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ. സബിത എം, സ്കൂൾ ഓഫ് ഡെന്റിസ്ട്രി വൈസ് പ്രിൻസിപ്പൽ ഡോ. രാകേഷ്, കോളേജ് ഓഫ് നഴ്സിംഗ് വൈസ് പ്രിൻസിപ്പൽ ഷീലാ പവിത്രൻ, അമൃത ജനറൽ മാനേജർ സി വി വിനായകൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. അമൃത കോളേജ് ഓഫ് നഴ്സിംഗ് പ്രൊഫസർ ലെഫ്റ്റനന്റ് കേണൽ ഡോ. അജി കെ എൽ, നന്ദി പ്രകാശനം നടത്തി. എഴുന്നൂറോളം വിദ്യാർഥികൾ മനുഷ്യച്ചങ്ങലയിൽ അണിനിരന്നു.